# 40. കടലാസ്സ്

ഇന്ത്യയിൽ അത്യാവശ്യ സാധനങ്ങൾക്കിടയിൽ ഏററവും അധികം ദൌർലഭ്യവും, അതുനിമിത്തം ഏററവും കൂടുതൽ വിലക്കയററവും, അനുഭവപ്പെടുന്ന വസ്തു കടലാസ് ആണെന്നു തോന്നുന്നു. കഴിഞ്ഞവർഷം ഇന്ത്യയിൽ ആകെ ഉല്പാദിപ്പിച്ചതു് പതിനൊന്നു ലക്ഷം ടൺ (നൂററിപ്പത്തു കോടി കിലോഗ്രാം) കടലാസ് ആയിരുന്നുവത്രെ.

1984 മാർച്ചിൽ ഇന്ത്യയിലെ ജനസംഖ്യ എഴുപത്തിനാലര കോടിയിൽ സ്വല്പം അധികമായിരുന്നു. അതിനാൽ, കഴിഞ്ഞ ആണ്ടിൽ ഇന്ത്യയിലെ ഓരോ പൗരൻെറയും ശരാശരി കടലാസ് ഉപഭോഗം ഒന്നര കിലോഗ്രാമിൽ താഴെയാണെന്നു പറയാം. അതേ ആണ്ടിൽ അമേരിക്കയിലെ ഓരോ പൗരനും ശരാശരി ഇരുനൂററുപത്തു കിലോഗ്രാം കടലാസ്സും ജപ്പാനിലെ ഓരോ പൗരനും ശരാശരി നൂറെറൺപത്തെട്ടു് കിലോഗ്രാം കടലാസ്സും ബ്രിട്ടനിലെ ഓരോ പൗരനും ശരാശരി നൂററിയിരുപത്തിരണ്ടു് കിലോഗ്രാം കടലാസ്സും ഉപയോഗിക്കുകയുണ്ടായി. സാക്ഷരതയും വിദ്യാഭ്യാസവും ഏറിവരുന്ന തോതിനു് കടലാസ്സിൻെറ ഉപഭോഗവും വർദ്ധിക്കാതെ തരമില്ല എങ്കിലും, പതിനഞ്ചുവർഷംകൂടികഴിഞ്ഞു്, ഇരുപത്തൊന്നാംനൂററാണ്ടിൻെറ തുടക്കത്തിലും ഓരോ ഇന്ത്യാക്കാരനും ഒരാണ്ടിൽ ഉപയോഗിക്കുക ശരാശരി മൂന്നു കിലോഗ്രാം കടലാസ് മാത്രമായിരിക്കുമെന്നാണു് ഇപ്പോൾ കണക്കാക്കിയിട്ടുള്ളതു്. ഓരോ പൗരനും ഒരാണ്ടിൽ ശരാശരി ഉപയോഗപ്പെടുത്തുന്ന ഇരുമ്പിനെ അടിസ്ഥാനമാക്കി രാജ്യത്തിൻെറ വ്യാവസായിക ഭദ്രത കണക്കാക്കപ്പെടാറുണ്ടു്. അതുപോലെ ഓരോ പൗരൻെറയും ശരാശരി കടലാസ്സുപയോഗം അടിസ്ഥാനപ്പെടുത്തി രാജ്യത്തിൻെറ സാംസ്കാരിക നിലവാരവും കണക്കാക്കാവുന്നതാണു്. അങ്ങനെ നോക്കുമ്പോൾ, ആണ്ടിൽ ഇരുനൂററമ്പതു് കിലോഗ്രാം കടലാസ് ഉപയോഗിക്കുന്ന അമേരിക്കക്കാരിൽനിന്നു് സംസ്കാരത്തിൻെറ എത്ര പടികൾ താഴെയായിരിക്കണം ഒന്നര കിലോഗ്രാം മാത്രം കടലാസ് ഉപയോഗിക്കുന്ന ഇന്ത്യാക്കാരൻെറ നില!

യൂറോപ്പിൽ കടലാസ് പരക്കെ പ്രചാരത്തിൽ വരും മുമ്പുതന്നെ ഇൻഡ്യയിൽ കൈകൊണ്ടു കടലാസ്സുണ്ടാക്കുന്ന കുടിൽവ്യവസായം അഭിവൃദ്ധിപ്പെട്ടിരുന്നു എന്നതാണു് ശ്രദ്ധിക്കേണ്ട ഒരു വസ്തുത. എന്നിട്ടും, ഈ കുടിൽവ്യവസായത്തെ നവീകരിക്കാൻ ആദ്യമായി ഒരു ശ്രമം ഉണ്ടായതു് 1870—ൽ കല്ക്കത്തയ്ക്കടുത്തു് ഹൂഗ്ലിയിൽ ഇന്ത്യയിൽ ഒന്നാമത്തെ കടലാസ്സു ഫാക്ടറി സ്ഥാപിക്കപ്പെട്ടപ്പോൾ മാത്രമാണു്. ഇന്ത്യ സ്വാതന്ത്ര്യം നേടുന്ന അവസരത്തിൽ ഇവിടത്തെ ആകെ കടലാസ്സുല്പാദനം ആണ്ടിൽ ഒരു ലക്ഷത്തി പതിനായിരം ടൺ ആയിരുന്നു. അന്നു് പതിനേഴ കടലാസ്സുമില്ലുകളേ ഇന്ത്യയിൽ ഉണ്ടായിരുന്നുള്ളു. ഇന്നു് ഇന്ത്യയിൽ വലുതും ചെറുതുമായി ഇരുനൂററിയിരുപത്തു കടലാസ്സുമില്ലുകളുണ്ടു്. ഇവയിലാകെ വേണമെങ്കിൽ, ഇരുപത്തൊന്നരലക്ഷം ടണ്ണിലേറെ കടലാസ് ആണ്ടുതോറും ഉല്പാദിപ്പിക്കാം. പത്തുവർഷംമുമ്പു്, ഈ ഫാക്ടറികളിൽ സ്ഥാപിതശേ

ഷിയുടെ എൺപതു ശതമാനത്തോളം ഉല്പാദനം നടത്തിയിരുന്നതു് ഇപ്പോൾ അറുപത്തഞ്ചു ശതമാനത്തിൽ താഴെയായി കുറഞ്ഞിരിക്കുന്നു. ഇന്ത്യയിൽ, ഉല്പാദനം ഏററവും മോശമായ വ്യവസായങ്ങളിൽ ഒന്നത്രെ കടലാസ്സുവ്യവസായം—ഉല്പാദനം ആണ്ടുതോറും കുറഞ്ഞുവരുന്ന അപൂർവം വ്യവസായങ്ങളിൽ ഒന്നു്! വിദ്യുച്ഛക്തിയും അസംസ്കൃതവിഭവങ്ങളും യഥാസമയം കിട്ടാത്തതിനാൽ ഇന്ത്യയിലെ പല വലിയ കടലാസ്സുഫാക്ടറികളും ആണ്ടിൽ വളരെ ദിവസങ്ങളോളം പൂട്ടിക്കിടക്കുകയാണു്. താരതമ്യേന കൂടുതൽ മൂലധനം നിക്ഷേപിക്കേണ്ട ഒന്നാണു് കടലാസ്സുവ്യവസായമെന്നതിനാൽ ഫാക്ടറിയിലെ ഉല്പാദനം നിലച്ചുപോകുന്നതുകൊണ്ടുണ്ടാകുന്ന ദേശീയനഷ്ടം അതിഭീമമാകുന്നു.

മുള (ഈററ)യാണു് കടലാസ്സിന്റെ പ്രധാനപ്പെട്ട അസംസ്കൃത വിഭവം. മുള കിട്ടുക പ്രയാസമായതോടെ മരത്തടി, കരിമ്പിൻചണ്ടി, വൈക്കോൽ മുതലായവ കടലാസ്നിർമാണത്തിനു് കൂടുതൽ ഉപയോഗിച്ചുവരികയാണു്.

1960-നുശേഷം ഇന്ത്യയിൽ കടലാസ്സുനിർമാണരംഗത്തു് ഗണ്യമായ അഭിവൃദ്ധി ഉണ്ടായിട്ടുള്ളതു് ആന്ധ്രാപ്രദേശിലാകുന്നു. പുതിയ സാങ്കേതികവിദ്യകളും പുതിയ യന്ത്രങ്ങളും ഉള്ളതുനിമിത്തം കൂടുതൽ ഉല്പാദനക്ഷമത നേടിയിട്ടുണ്ടെങ്കിലും, കൽക്കരിയുടെ ദൗർലഭ്യം, മുള മുതലായ അസംസ്കൃതസാധനങ്ങളുടെ അപര്യാപ്തത, വർദ്ധിച്ച നികുതിനിരക്കു് മുതലായ പ്രതിബന്ധങ്ങൾ കാരണം ആന്ധ്രാപ്രദേശിലെ കടലാസ്സുമില്ലുകളിലും കഴിവനുസരിച്ചു് ഉല്പാദനം നടക്കുന്നില്ല. കടലാസ് ഉല്പാദിപ്പിക്കുന്നതിനു് വലിയതോതിൽ വിദ്യുച്ഛക്തിയും വെള്ളവും ആവശ്യമാണു്. ഒരു ടൺ കടലാസ് നിർമിക്കാൻ ആയിരത്തിയെഴുന്നൂറു് കിലോവാട്ട് വിദ്യുച്ഛക്തിവരെ ചെലവാകും. അതിനാൽ വലിയ കടലാസ് മില്ലുകൾ അവയ്ക്കു് ആവശ്യമുള്ള വിദ്യുച്ഛക്തി സ്വയം ഉല്പാദിപ്പിക്കുകയാണു് പതിവു്. റയിൽവേ വാഗണുകൾ കിട്ടാത്തതുമൂലവും മററും കൽക്കരി വേണ്ടസമയത്തു് എത്തുന്നില്ലെങ്കിൽ, വിദ്യുച്ഛക്തിനിർമാണം തടസ്സപ്പെടുന്നതിനാൽ, കടലാസ്മില്ലിലെ ഉല്പാദനം മുടങ്ങുകയേയുള്ളൂ.

കർണാടകസംസ്ഥാനത്തിൽ ഭദ്രാവതിയിലുള്ള മൈസൂർ പേപ്പർ മിൽസ് രണ്ടാം മഹായുദ്ധത്തിനുമുമ്പുതന്നെ പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ മിൽ ഇപ്പോൾ വളരെയധികം വികസിപ്പിച്ചിട്ടുണ്ടു്. നവീകരിച്ചിട്ടുമുണ്ടു്. അസംസ്കൃത വസ്തുക്കളായ മുളയും മരത്തടിയും കിട്ടാനുള്ള പ്രയാസംനിമിത്തം കരിമ്പിൻചണ്ടി കൂടുതൽ കൂടുതൽ ഉപയോഗപ്പെടുത്താൻ ഇവിടെ ശ്രമം നടക്കുന്നു. കരിമ്പിൻചണ്ടി വേണ്ടത്ര കിട്ടാനായി, ഒരു പഞ്ചസാരമില്ലു് മൈസൂർ പേപ്പർമിൽസിന്റെ ഉടമയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. തമിഴ്നാട്ടിലുള്ള ശേഷശായി പേപ്പർമില്ലിന്റെയും മഖ്യ-അസംസ്കൃതവിഭവം കരിമ്പിൻചണ്ടിയാണു്. ശേഷശായി മില്ലിന്റെ അടുത്തുള്ള പൊന്നി ഷുഗർ മില്ലിന്റെ വിൽപ്പനച്ചരക്കുകളിൽ ഒന്നാംസ്ഥാനം ഇപ്പോൾ കരിമ്പിൻചണ്ടിക്കാണത്രെ. പഞ്ചസാരയ്ക്കു് രണ്ടാംസ്ഥാനമേയുള്ളൂ! മൈസൂർ പേപ്പർമിൽസിനു പുറമെ, കർണാടകത്തിലെ മറെറാരു പ്രധാന കടലാസ്നിർമാണശാലയാണു് വെസ്റ്റ് കോസ്റ്റ് പേപ്പർ മിൽസ്. ഇവിടെ ആണ്ടിൽ അറുപതിനായിരം ടൺ കടലാസ് ഉണ്ടാക്കാം. തമിഴ്നാട്ടിൽ സർക്കാർ ഉടമയിലും കടലാസ്സുനിർമാണം നടന്നുവരുന്നുണ്ടു്.

കേരളത്തിലെ പുനലൂർ പേപ്പർമിൽ ഉള്ളതും ഇല്ലാത്തതും ഒരുപോലെയാണു്. വെള്ളൂരിൽ ന്യൂസ്പ്രിന്റ്നിർമാണം തുടങ്ങിയിട്ടുണ്ടു്. പക്ഷേ, വില ഒരു ടണ്ണിനു് ആയിരംരൂപയിലേറെ അധികമാണു്. ഉൽപാദനത്തിന്റെ നില എന്തായാലും, ഈ ഫാക്ടറി വലിയതോതിൽ

പരിസരമലിനീകരണത്തിനു് കാരണമാകുന്നതായി ആക്ഷേപമുണ്ടു്. കേരളം എക്കാലത്തും കടലാസ്സിനു് മററു സ്റ്റേററുകളെ ആശ്രയിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു.

ധാരാളം വനസമ്പത്തുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കടലാസ്സുമില്ലുകൾ സ്ഥാപിക്കാൻ ഇനിയും സാദ്ധ്യതയുണ്ടു്. ഇവിടെ കല്ക്കരിക്കുപകരം എണ്ണ കത്തിച്ചു് കടലാസ്നിർമ്മാണത്തിനാവശ്യമായ വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുകയുമാവാം. പക്ഷേ, നാഗാലാൻഡിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻെറ കീഴിൽ ഇപ്പോൾത്തന്നെയുള്ള കടലാസ്സുമില്ലിൽ ഉൽപാദനക്കഴിവിൻെറ അഞ്ചിലൊന്നുപോലും ഉപയോഗപ്പെടുത്തിവരുന്നില്ല. നൗഗോങ്ങ്, കച്ചാർ എന്നിവിടങ്ങളിലുള്ള ഫാക്ടറികളുടെ സ്ഥിതിയും ഇതുതന്നെയാണു്.

ആൻഡമാൻ–നിക്കോബാർ ദ്വീപുകളിൽനിന്നു് മരത്തടി വരുത്തി കടലാസ്സാക്കിമാററാൻ ആന്ധ്രാപ്രദേശ് ഗവണ്മെൻറ് ആലോചിക്കുന്നുണ്ടത്രെ. ധാരാളം വനസമ്പത്തുള്ള മലേഷ്യ, സാറവാക്ക്, ബ്രൂണൈ മുതലായ രാജ്യങ്ങളിൽ, അവിടങ്ങളിലെ സർക്കാരുകളുമായി സഹകരിച്ചു് കടലാസ്സുമില്ലുകൾ സ്ഥാപിക്കാൻ ഇന്ത്യാഗവണ്മെൻറിനെ വിദഗ്ദ്ധന്മാർ ഉപദേശിക്കുന്നുണ്ടു്. ഇവിടെ ഉൽപാദിപ്പിക്കുന്ന പൾപ്പ് ഇന്ത്യയിൽ കൊണ്ടുവന്നു് കടലാസ്സാക്കാനാണു് നിർദ്ദേശം. ഇന്ത്യയിൽ കടലാസാവശ്യം ഇവിടത്തെ വനവിഭവങ്ങളെമാത്രം ആശ്രയിച്ചു് നിറവേററുക സാദ്ധ്യമല്ലെന്ന കാര്യത്തിൽ എല്ലാവരും പൊതുവെ യോജിക്കുന്നു.

ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞ കടലാസ്, മഷിയും മാലിന്യങ്ങളും കഴുകിക്കളഞ്ഞു്, പൾപ്പാക്കി, വീണ്ടും ഉപയോഗിക്കാവുന്നതാണു്. സമ്പന്നരാജ്യങ്ങൾ ചെയ്യുന്നതു് അതാണു്. കടലാസ്സിനു് ക്ഷാമമുള്ള ഇന്ത്യയിൽ ആണ്ടുതോറും വളരെയധികം കടലാസ് കത്തിച്ചും മററും നഷ്ടപ്പെടുത്തുന്നുണ്ടു് എന്നതു് ഒരു വിരോധാഭാസമായിത്തോന്നാം. ഉള്ള വിഭവങ്ങൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തായ്ക ആണല്ലോ ദാരിദ്ര്യത്തിൻെറ ഒരു രൂപം.

ഏതായാലും, കടലാസ്സിൻെറ ദുർഭിക്ഷം ഇന്ത്യയിൽ അടുത്തൊന്നും തീരുന്ന മട്ടില്ല. ഉള്ള കടലാസ്സിൻെറ വിലയും ഏറിയേറിവരാനേ സാദ്ധ്യത കാണുന്നുള്ളു. ദുർലഭവും വിലകൂടിയതുമായ ഈ വസ്തു പരമാവധി പ്രയോജനപ്പെടുമാറു് ഉപയോഗിക്കുന്നതെങ്ങനെ എന്നു് എല്ലാവരും ആലോചിച്ചാൽ കൊള്ളാം. 'യാത്ര ചുരുക്കുക' എന്ന മുദ്രാവാക്യംപോലെ 'എഴുത്തു ചുരുക്കുക' എന്ന മുദ്രാവാക്യം അടുത്തകാലത്തുതന്നെ ഇന്ത്യയിൽ സാർവത്രികമായിക്കൂടെന്നില്ല.

(8 ഏപ്രിൽ, 1985)

## 41. സാഹിത്യവും സർക്കാർ പ്രോൽസാഹനവും

പ്രതിഭാപ്രവർത്തനം അനന്യപരതന്ത്രമാണെന്നത്രെ പൊതുധാരണ. അതിനാൽ, എഴുത്തുകാരൻ ശമ്പളക്കാരൻകൂടിയാവുമ്പോൾ എഴുത്തു സംശയത്തോടെ വീക്ഷിക്കപ്പെടുന്നു. ശമ്പളക്കാരനായ എഴുത്തുകാരൻ സത്യമെന്ന നിലയിൽ അവതരിപ്പിക്കുന്നതു് തനിക്കു ശമ്പളം തരുന്ന വ്യക്തിയുടെയോ സ്ഥാപനത്തിൻെറയോ നിക്ഷിപ്ത താല്പര്യമായിരിക്കാൻ സാദ്ധ്യത